സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഫാക്സ് : 0471 2310192 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

**No. ROC 7973/18/Est-I** **19/07/2018**

## സർക്കുലർ

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡ് - കാരുണ്യനിധി - 'ശരണാശ്രയം' -- സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചത് സംബന്ധിച്ച്.

പരാമർശം :- 1) 12-07-2018 ലെ മേൽ നമ്പർ ഉത്തരവ്.
2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 17-07-2018 ലെ DA No. 5490/18/B-1 നമ്പർ റിപ്പോർട്ട്.
3) 17-07-2018 ലെ ബോർഡ് തീരുമാനം.

സമൂഹത്തിലെ അശരണരും നിരാലംബരുമായ വ്യക്തികൾക്ക് ആശ്വാസമേകാനായി ചില ചുവടുവെയ്പ്പുകൾ നടത്തുന്നതിലേക്കായി 'ശരണാശ്രയം' എന്ന പേരിൽ സ്ഥിരമായി ഒരു സംവിധാനം രൂപീകരിക്കുന്നതിനും അതിനായി ദേവസ്വം ഫണ്ട് ഉപയോഗിക്കാതെ തന്നെ സമൂഹത്തിലെ മഹത് വ്യക്തികളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സുമനസ്സുള്ള ഉദ്യോഗസ്ഥരുടെയും സാമ്പത്തിക സഹായം ഉപയോഗിച്ച് ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ച് പരാമർശം 1 ഉത്തരവ് പുറപ്പെടുവിച്ചു.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശരണാശ്രയം കാരുണ്യനിധിയിലേക്ക് സംഭാവന നൽകാൻ ആഗ്രഹിക്കുന്ന സുമനസ്സുകൾക്ക് പണം നിക്ഷേപിക്കുന്നതിനായി ധനലക്ഷ്മി ബാങ്കിന്റെ നന്തൻകോട് ശാഖയിൽ ദേവസ്വം ബോർഡ് സെക്രട്ടറിയുടേയും ദേവസ്വം അക്കൗണ്ട്സ് ആഫീസറുടേയും പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (027500100061445) ആരംഭിച്ചിട്ടുള്ളതാണ്.

ആയത് സംബന്ധിച്ച് എല്ലാ ആഫീസ് മേധാവികളും ടി വിഷയം സംബന്ധിച്ച് വേണ്ടത്ര പരസ്യം നൽകി ഫണ്ട് സ്വരൂപിക്കുന്നതിന് ഉതകുംവിധം നടപടി സ്വീകരിക്കേണ്ടതാണ്.

Jayasree. S

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും - സർക്കുലർ എല്ലാ വിഭാഗം ജീവനക്കാരുടെയും ഇടയിൽ സർക്കുലേഷൻ നടത്തേണ്ടതാണ്.
2. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. പബ്ലിക് റിലേഷൻസ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4. അക്കൗണ്ട്സ് സെക്ഷൻ, ബോർഡ് ആഫീസ്- ടി വിഷയം സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
5. ഇ.ഡി.പി. സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫെയർ ആഫീസ് കോപ്പി